(ബി) ഇപ്പോൾ ചെയ്തു വരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) വനംവകുപ്പ് തദ്ദേശവാസികളെ ഉൾപ്പെടുത്തി വിവിധ സ്ഥലങ്ങളിൽ വനസംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികളാണ് അതാത് സ്ഥലങ്ങളിൽ ഇക്കോ-ടൂറിസം പദ്ധതിയ്ക്ക് മേൽനോട്ടം വഹിക്കുന്നത്. ഈ സമിതികൾക്ക് ചില നിബന്ധനകൾക്ക് വിധേയമായി ആവശ്യമായ സാമ്പത്തിക സഹായം വിനോദ സഞ്ചാരവകുപ്പ് നൽകുന്നുണ്ട്. വനംവകുപ്പുമായി സഹകരിച്ചു വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്തെ എല്ലാ വന്യജീവി സങ്കേതങ്ങളും നാഷണൽ പാർക്കുകളും ചേർത്ത് ഒരു ഇക്കോ-ടൂറിസത്തിന് രൂപരേഖ തയ്യാറാക്കി വരുന്നു. കൂടാതെ പ്രധാനപ്പെട്ട വന്യജീവി സങ്കേതങ്ങൾ ടൂറിസം വകുപ്പ് മാർക്കറ്റ് ചെയ്യുന്നുമുണ്ട്.

പത്താം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി മത്സ്യവികസന പ്രവർത്തനങ്ങൾ

*9 [189] ശ്രീ. സാജു പോൾ:

" വി. കെ. സി. മമ്മത്കോയ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് മത്സ്യ വികസന മേഖലയിൽ ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) കഴിഞ്ഞ 3 വർഷത്തിനിടയിൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(സി) മത്സ്യ വിഭവ സംരക്ഷണത്തിനും പരിപാലനത്തിനും സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) റിസർവോയറുകളിലും ജലാശയങ്ങളിലും മത്സ്യം വളർത്തുന്നതിനും കടലോര മത്സ്യബന്ധനം നടത്തുന്നതിനും കടൽ മത്സ്യം വളർത്തുന്നതിനുമായി സർക്കാർ ഏർപ്പെടുത്തിയ പുതിയ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) പത്താം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടിട്ടുണ്ട്:

1. വിഭവ സംരക്ഷണം ഉറപ്പുവരുത്തുക.
2. മറൈൻ എൻഫോഴ്സ്മെന്റ് ആക്ട് ശക്തിപ്പെടുത്തുക.
3. മത്സ്യബന്ധന യാനങ്ങളുടെ നവീകരണവും വിതരണവും.
4. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും സുരക്ഷിതമാക്കുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. പ്രജനനസമയത്ത് ട്രോളിംഗ് നിരോധനം കാര്യക്ഷമമായി നടപ്പിലാക്കി ആഴക്കടൽ മത്സ്യബന്ധനം പൂർണ്ണമായി തടഞ്ഞു.

2. കടൽ രക്ഷാപ്രവർത്തനം ഊർജിതപ്പെടുത്തി.

3. കഴിഞ്ഞ 3 വർഷക്കാലവും കടലോര മത്സ്യത്തൊഴിലാളികൾക്കും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുമുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പാക്കുകയുണ്ടായി. മത്സ്യത്തൊഴിലാളി വിഹിതം ഉൾപ്പെടെ 39 കോടി 62 ലക്ഷം രൂപ കഴിഞ്ഞ 3 വർഷങ്ങളിലായി ഒരു ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

4. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി നടപ്പാക്കി.

5. മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, ഹോസ്റ്റൽ ഫീസ് എന്നിവ നൽകുന്നതിന് 9 കോടി 45 ലക്ഷത്തോളം രൂപ ചെലവാക്കുകയുണ്ടായി. ഇതിന്റെ പ്രയോജനം 88,000-ത്തോളം കുട്ടികൾക്ക് ലഭിക്കുകയുണ്ടായി.

6. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ വിതരണം ചെയ്തു.

7. കേന്ദ്ര സഹായം ഉപയോഗിച്ച് മണ്ണെണ്ണ വിതരണം, കടാശ്വാസം, ദുരിതാശ്വാസം എന്നിവയ്ക്കായി 15 കോടി രൂപ 2002-03-ൽ അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ ഭവനങ്ങളുടെ പുനരുദ്ധാരണത്തിന് ശുദ്ധജലം, സാനിട്ടേഷൻ എന്നിവയ്ക്കുമായി 14.21 കോടി രൂപ ചെലവഴിച്ചു.

8. മത്സ്യബന്ധനോപകരണങ്ങൾ നൽകുന്നതിന് എൻ.സി.ഡി.സി. പദ്ധതി പ്രകാരം മത്സ്യഫെഡിന് 28 കോടി രൂപ അനുവദിച്ചു.

9. സമഗ്രമായ ഒരു ഫിഷറീസ് നയം രൂപീകൃതമായിക്കൊണ്ടിരിക്കുന്നു.

(സി) മത്സ്യ വിഭവ സംരക്ഷണത്തിനും പരിപാലനത്തിനും 'ഫിർമ' മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കി വരുന്നു. വാണിജ്യ പ്രാധാന്യമുള്ള മത്സ്യങ്ങളുടെ പ്രകൃതിദത്ത നഴ്സറികളായ കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനും തീരദേശത്ത് പുതിയവ വച്ചുപിടിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. വംശനാശ ഭീഷണി നേരിടുന്ന മഹീസീർ മത്സ്യത്തിന്റെ വിത്തുൽപ്പാദനത്തിനും വളർത്തലിനും പദ്ധതി നടപ്പാക്കി വരുന്നുണ്ട്. കൂടാതെ നദികളിലെ മത്സ്യസമ്പത്തിനെക്കുറിച്ച് സർവേയും അവ സംരക്ഷിക്കുന്നതിനെപ്പറ്റി പഠനവും നടത്തിവരുന്നു.

(ഡി) നിലവിൽ 10 ജലസംഭരണികളിൽ മത്സ്യകൃഷി നടത്തിവരുന്നു. 10 ജല സംഭരണികളിൽക്കൂടി മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

സംസ്ഥാനത്തെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി 14 ജില്ലകളിലായി 14 മത്സ്യ കർഷക വികസന ഏജൻസികളും 6 ഓരുജല മത്സ്യ കർഷക വികസന ഏജൻസികളും പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിലെ പൊക്കാളി നിലങ്ങൾ, തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങൾ, കുട്ടനാടൻ പാടശേഖരങ്ങൾ എന്നിവിടങ്ങളിൽ നെൽകൃഷിക്കു ശേഷമുള്ള ഇടവേളകളിൽ അഡാക്ക് മുഖാന്തിരം ചെമ്മീൻ കൃഷി നടത്തിവരുന്നു. കടലിലും ഉൾനാടൻ ജലാശയങ്ങളിലും (കായൽ, അഴിമുഖങ്ങൾ തുടങ്ങിയവ) മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly